**NEW AL WUROOD INTERNATIONAL SCHOOL, JEDDAH, K.S.A**

**Affiliated to CBSE – New Delhi, Affiliation No. 5730008**

**FIRST TERM EXAMINATION-June 2022-23**

**WORKSHEET 1**

**GRADE: 10**

**SUBJECT: Malayalam**

---

# അംഗവാക്യം അംഗിവാക്യം

## വാക്യം

പൂർണമായ ഒരു അർത്ഥത്തെ പ്രതിപാദിക്കുന്ന പദസമൂഹത്തിനു വാക്യം എന്ന് പറയുന്നു.

മഴ ശക്തമായി പെയ്യുന്നു.

സീത മനോഹരമായി പാടി

വാക്യങ്ങളെ അംഗവാക്യമെന്നും അംഗിവാക്യമെന്നും രണ്ടായി തിരിക്കാം .

## അംഗിവാക്യം

പൂർണമായി അർഥം നല്കാൻ കഴിയുന്ന വാക്യത്തെ അംഗിവാക്യം എന്ന് പറയുന്നു. അംഗിവാക്യത്തിൽ കർത്താവും , ക്രിയയും . ചിലപ്പോൾ കർമ്മവും ഉണ്ടായിരിക്കും.

എഴുത്തച്ഛൻ ഒരു കവിയാണ് .

വെള്ളായിയപ്പൻ നീലിയോട് യാത്ര ചോദിച്ചു .

## അംഗവാക്യം

അപ്രധാന വാക്യത്തെ അംഗവാക്യം എന്ന് പറയുന്നു. അംഗവാക്യത്തിന് മറ്റൊരു വാക്യത്തെ ആശ്രയിക്കാതെ നില്ക്കാൻ കഴിയുകയില്ല.

പട്ടാഭിഷേകം മുടങ്ങിയതറിഞ്ഞു ലക്ഷ്മണൻ

പൂക്കളെല്ലാം ഓണത്തപ്പനെ സ്വീകരിക്കാനായി

**അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക .**

1. വെള്ളായിയപ്പൻ  കൈയിൽ ഇരുന്ന പൊതിച്ചോറ് നിലത്തേക്ക് എറിഞ്ഞു.
2. അതിനാൽ ദേഹത്തിലുള്ള അമിത വിശ്വാസംകൊണ്ട് ലോകത്തെ നശിപ്പിക്കാം എന്ന് വിചാരിച്ചത് ജ്ഞാനമില്ലായ്മയാണ് .
3. സഹ്യപർവ്വതം ആകുന്ന ചങ്ങലവട്ടയിൽ സൂര്യൻ ആകുന്ന തിരി തെളിക്കാൻ സുപ്രഭാതം വന്നു.
4. അദ്ദേഹം മുത്തുക്കുടയും ചൂടി സ്വർണ സിംഹാസനത്തിൽ ഇരിക്കുമ്പോൾ താൻ ഓണപ്പാട്ടുകൾ പാടും.

<u>പ്രയോഗം</u>

## കർത്തരി പ്രയോഗം

കർത്താവിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രയോഗത്തിന് കർത്തരി പ്രയോഗം എന്നു പറയുന്നു.

1. കന്യകമാർ  കറ്റ മെതിച്ചു തളർന്നു .
2. രാമൻ ലക്ഷ്മണനെ പ്രേരിപ്പിച്ചു.

## കർമ്മണി പ്രയോഗം

കർമ്മത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വാക്യത്തിന് കർമ്മണി പ്രയോഗം എന്നു പറയുന്നു.

1. ജീവജാലങ്ങൾക്ക്    വൃക്ഷങ്ങളാൽ തണൽ നൽകപ്പെടുന്നു
2. മിന്നാമിനുങ്ങിനാൽ   സ്വയം പ്രകാശിപ്പിക്കപ്പെടുന്നു .
3. ആത്മവിശ്വാസത്താൽ  ജീവിതം  പ്രകാശപൂരിതമാക്കപ്പെടുന്നു

## പ്രയോഗം മാറ്റുക

1 കോടച്ചി കൊടുത്തയച്ച നനഞ്ഞു കുതിർന്ന ചോറ് അയാൾ തുറന്നു

2. മനുഷ്യ ശരീരം ജന്തുക്കളാൽ  ഭക്ഷിച്ചു കാഷ്ഠിക്കപ്പെടുന്നു.
3. ക്രോധം  മനസ്താപം ഉണ്ടാക്കുന്നു .
4. ഞാൻ ഓണപ്പാട്ടുകൾ പാടും
5. പാടങ്ങളെ  നെയ്യാമ്പലുകൾ മനോഹരമാക്കുന്നു .

## വിധി വാക്യത്തെ അർത്ഥവ്യത്യാസം കൂടാതെ നിഷേധ വാക്യമാക്കുക .

1. രാമൻ കത്തെഴുതുന്നു.
2. നാളെ  സ്കൂൾ അടക്കും  .

3 ഞാൻ ആത്മാവാണ്

4. അപരിചിതൻ  വെള്ളായിയപ്പനോട്  കുശലം ചോദിച്ചു.

5. വളരെ ശ്രദ്ധയോടും കരുതലോടും കൂടി വെള്ളായിയപ്പൻ മകൻറെ ശരീരം ഏറ്റുവാങ്ങി.

*************************